**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2795** **10-03-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലങ്കോട് കാർഷിക കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് കാർഷിക കോളേജ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് കാർഷിക വിഷയങ്ങളിൽ മികച്ച പഠനം നടത്തുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് പാലക്കാട് നെന്മാറ മണ്ഡലത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോൺസ്റ്റിറ്റ്യുവന്റ് കോളേജായി ഒരു കാർഷിക കോളേജ് ആരംഭിക്കുന്നതിനും ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങളും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പട്ടികജാതി വികസന വകുപ്പ് ഏർപ്പെടുത്തേണ്ടതാണെന്നും 18/9/2018-ൽ ബഹു. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനാവശ്യമായ 25 ഏക്കർ ഭൂമിയ്ക്കായി EOI ക്ഷണിക്കുകയും അതുപ്രകാരം കൊല്ലംകോട് എഡ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് താൽപര്യ പത്രം ലഭ്യമാക്കുകയും ചെയ്തിരുന്നു. കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു കാർഷിക കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ചും സ്പെസിഫിക്കേഷൻ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ കാർഷിക സർവ്വകലാശാല രജിസ്ട്രാറെ അറിയിക്കുകയും ആയതിൻ പ്രകാരം കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി നിയോഗിച്ച കമ്മിറ്റി 4 സൈറ്റുകളിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. അതുപ്രകാരം വസ്തു സംബന്ധിച്ച വിവരങ്ങൾ Requisition Form 2-ൽ ശേഖരിച്ച ലഭ്യമാക്കാൻ അഗ്രികൾച്ചർ യൂണിവേഴ്സിറ്റി രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.<br><br>എന്നാൽ കൊല്ലംകോട് എഡ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള സ്വത്തുക്കൾ ലോൺ എടുത്തതുമായി ബന്ധപ്പെട്ട് SBIയുടെ |

| | | | | |
|---|---|---|---|---|
| | | | | കൈവശത്തിലാകുകയും ടി ട്രസ്റ്റിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 6.7 കോടി രൂപയുടെ defaulter ആയിട്ടുള്ളതിനാൽ SARFAESI ACT പ്രകാരം ടി സ്ഥാപനത്തിന്റെ കൈവശാവകാശം, ഉടമസ്ഥാവകാശം എന്നിവ എസ്.ബി.ഐയിൽ നിക്ഷിപ്തമാണെന്ന് എറണാകുളം റിക്കവറി ബ്രാഞ്ച് അറിയിച്ചിരുന്നു. 6.7 കോടി രൂപ കുടിശ്ശികയുള്ള ടി സ്ഥാപനത്തിൽ വസ്തുവകകൾക്ക് 7. 3 കോടി രൂപ അപ്രൂവ്ഡ് വാല്യേഷൻ (approved valuation) ഉള്ളതായും കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിരുന്നു.<br><br>തുടർന്ന് 2022 ഓഗസ്റ്റ് മാസം ബഹുമാനപ്പെട്ട ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം വൺ ടൈം സെറ്റിൽമെന്റിലൂടെ തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസൽരേഖകളും എസ്.ബി.ഐയിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് കൊല്ലങ്കോട് എഡ്യൂക്കേഷൻ ചാരിറ്റബിൾ സൊസൈറ്റി അറിയിച്ചിട്ടുണ്ട്. എസ്.ബി.ഐയിൽനിന്നും ലഭ്യമായിട്ടുള്ള നോൺ ലയബലിറ്റി സർട്ടഫിക്കറ്റും ഒറിജിനൽ ആധാരം കൈപ്പറ്റിയതിന്റെയും രേഖകൾ ലഭ്യമാക്കുകയും സർക്കാർ നിയോഗിക്കുന്ന അധികാരികൾക്ക് അസ്സൽ രേഖകൾ കൈമാറാൻ തയ്യാറാണെന്ന് ട്രസ്റ്റ് അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൊല്ലങ്കോട് എഡ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടങ്ങളുടെ വിലനിർണ്ണയതുക 15,71,14,175/-രൂപയും പതിനഞ്ച് കോടി ലക്ഷത്തി എഴുപത്തിയൊന്ന് പതിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) 11.87 ഏക്കർ വസ്തു വകകൾക്ക് 1,09,41,921/-രൂപയും ( ഒരു കോടി ഒൻപത് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊന്ന് രൂപ മാത്രം)ആണ് മതിപ്പ് വില നിശ്ചയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ബഹു പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെയും ബഹു കൃഷിവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ 22/5/2024-ന് ചേർന്ന യോഗത്തിൽ കൊല്ലംകോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന 17 കോടി രൂപ 2024 വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താനാവശ്യമായ നിർദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് നടത്തിയ മീറ്റിങ്ങുകളും പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് കാർഷിക വിഷയങ്ങളിൽ മികച്ച പഠനം നടത്തുന്നതിന് ലക്ഷ്യമിട്ട് കൊണ്ട് പാലക്കാട് നെന്മാറ മണ്ഡലത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോൺസ്റ്റിറ്റ്യുവന്റ് കോളേജായി ഒരു കാർഷിക കോളേജ് ആരംഭിക്കുന്നതിനും ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങളും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പട്ടികജാതി വികസന വകുപ്പ് ഏർപ്പെടുത്തേണ്ടതാണെന്നും 18/9/2018-ൽ ബഹു. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനാവശ്യമായ 25 ഏക്കർ ഭൂമിയ്ക്കായി EOI ക്ഷണിക്കുകയും അതുപ്രകാരം കൊല്ലംകോട് എഡ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് താൽപര്യ പത്രം ലഭ്യമാക്കുകയും ചെയ്തിരുന്നു. കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു കാർഷിക കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ചും സ്പെസിഫിക്കേഷൻ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ കാർഷിക സർവ്വകലാശാല രജിസ്ട്രാറെ അറിയിക്കുകയും ആയതിൻ പ്രകാരം കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി നിയോഗിച്ച കമ്മിറ്റി 4 സൈറ്റുകളിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. അതുപ്രകാരം വസ്തു സംബന്ധിച്ച വിവരങ്ങൾ Requisition Form 2-ൽ ശേഖരിച്ച ലഭ്യമാക്കാൻ അഗ്രികൾച്ചർ യൂണിവേഴ്സിറ്റി രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.<br><br>എന്നാൽ കൊല്ലംകോട് എഡ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള സ്വത്തുക്കൾ ലോൺ എടുത്തതുമായി ബന്ധപ്പെട്ട് SBIയുടെ കൈവശത്തിലാകുകയും ടി ട്രസ്റ്റിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 6.7 കോടി രൂപയുടെ defaulter ആയിട്ടുള്ളതിനാൽ SARFAESI ACT പ്രകാരം ടി സ്ഥാപനത്തിന്റെ കൈവശാവകാശം, ഉടമസ്ഥാവകാശം എന്നിവ എസ്.ബി.ഐയിൽ നിക്ഷിപ്തമാണെന്ന് എറണാകുളം റിക്കവറി ബ്രാഞ്ച് അറിയിച്ചിരുന്നു. 6.7 കോടി രൂപ കുടിശ്ശികയുള്ള ടി സ്ഥാപനത്തിൽ വസ്തുവകകൾക്ക് 7. 3 കോടി രൂപ അപ്രൂവ്ഡ് വാല്യേഷൻ (approved valuation) ഉള്ളതായും കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിരുന്നു.<br><br>തുടർന്ന് 2022 ഓഗസ്റ്റ് മാസം ബഹുമാനപ്പെട്ട ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിന്റെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശ പ്രകാരം വൺ ടൈം സെറ്റിൽമെന്റിലൂടെ തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസൽരേഖകളും എസ്.ബി.ഐയിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് കൊല്ലങ്കോട് എഡ്യൂക്കേഷൻ ചാരിറ്റബിൾ സൊസൈറ്റി അറിയിച്ചിട്ടുണ്ട്. എസ്.ബി.ഐയിൽനിന്നും ലഭ്യമായിട്ടുള്ള നോൺ ലയബലിറ്റി സർട്ടഫിക്കറ്റും ഒറിജിനൽ ആധാരം കൈപ്പറ്റിയതിന്റെയും രേഖകൾ ലഭ്യമാക്കുകയും സർക്കാർ നിയോഗിക്കുന്ന അധികാരികൾക്ക് അസ്സൽ രേഖകൾ കൈമാറാൻ തയ്യാറാണെന്ന് ട്രസ്റ്റ് അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൊല്ലങ്കോട് എഡ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടങ്ങളുടെ വിലനിർണ്ണയതുക 15,71,14,175/-രൂപയും പതിനഞ്ച് കോടി ലക്ഷത്തി എഴുപത്തിയൊന്ന് പതിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) 11.87 ഏക്കർ വസ്തു വകകൾക്ക് 1,09,41,921/-രൂപയും ( ഒരു കോടി ഒൻപത് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊന്ന് രൂപ മാത്രം)ആണ് മതിപ്പ് വില നിശ്ചയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ബഹു പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെയും ബഹു കൃഷിവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ 22/5/2024-ന് ചേർന്ന യോഗത്തിൽ കൊല്ലംകോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന 17 കോടി രൂപ 2024 വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താനാവശ്യമായ നിർദേശം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ